ദോഷാഗമനേ ശശധരനെന്ന്യേ തോഷം കണ്ടീലാക്കു—
മൊരുന്നാളും,
മിന്നും കടകളിലെന്ന്യേയൊരുന്നാളും പൊന്നും ദണ്ഡം
കണ്ടീലെങ്ങും.
ഭാരതചരിതം തന്നിലൊഴിഞ്ഞൊരു കർണ്ണച്ഛേദം—
കേട്ടീലെങ്ങും.
രാമകഥായാമെന്നതൊഴിഞ്ഞൊരു ദൂഷണചരിതം—
കേട്ടീലാരും.
വർണ്ണവിലോപം വ്യാകരണത്തിൽത്തന്നേ കേവലമുള്ളൂ
കേൾപ്പാൻ.
ഹസ്തികദംബം ഹിതഭൂമൗ മത്തതപൂണ്ടു നടന്നീലാരും
മേളം കോലും ചമരീമൃഗാണാം ബാലവിനാശം കേവല
മാസീൽ.
പുരികുഴൽ നിരകളിലൊഴികെ വധൂനാം പരമൊരു
കുടിലത
നൈവധരായാം കളമൃദുമൊഴിമാർ മിഴികളിലൊഴിയെ
കളവുകളും ഭുവി കാണ്മാൻ നഹി നഹി കഠിനതയും—
പുനരാസാമിതവിയ തടമുലയിണയിലൊഴിഞ്ഞില്ലെങ്ങും
പൃഥ്വീചക്രേ ദാരിദ്ര്യസ്ഥിതി മുഗ്ദ്ധാക്ഷീണാം
മദ്ധ്യേ കേവലമിത്ഥം വാഴ്ത്തുകിലെത്രസഹസ്രം
പൃഥ്വീനാഥചരിത്രവിശേഷം

ഇത്ഥം പ്രത്യഗ്രകീർത്തി പ്രചുരിമ വിളയി—
ച്ചിച്ചു ദിക്ചക്രവാളേ
ചിത്താനന്ദേന മേവുന്നളവു നളമഹീ-
നായകോരാജധാന്യാം.
മെത്തീടും പുണ്യശാലീ വടിവുടയ വിദർ
ഭേഷു കശ്ചിന്മഹാത്മാ
പൃഥ്വീപാലശ്ചകാശേ ഭുജബലജിത—
ഭൂമണ്ഡലോ ഭീമനാമാ 6